# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3754 26-6-2012 ന് മറുപടിയ്ക്ക്**

**വനംവകുപ്പ് ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവിനായി നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ.ബേബി :<br>ശ്രീ. പി.റ്റി.എ.റഹീം :<br>ശ്രീ. ബി.ഡി.ദേവസ്സി :<br>ശ്രീ. എസ്.രാജേന്ദ്രൻ : | ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) വനസംരക്ഷണത്തിന്റെ ഭാഗമായി വനനശീകരണം തടയുന്നതിനും വന മേഖലയ്ക്ക് പുറത്ത് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും സർക്കാർ പുതുതായി എന്തെങ്കിലും നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) വനസംരക്ഷണത്തിന്റെ ഭാഗമായി വനനശീകരണം തടയുന്നതിനായി വനാതിർത്തി അളന്ന് തിട്ടപ്പെടുത്തൽ, അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, പൊതുജന പങ്കാളിത്തത്തോടെയുള്ള വനപരിപാലനം, ക്ഷയോന്മുഖമായ വനങ്ങളുടെ പുനരുദ്ധാരണം, ജൈവ വൈവിധ്യസംരക്ഷണം, തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വനമേഖലയ്ക്കു പുറത്ത് വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനുള്ള സമഗ്ര വൃക്ഷവൽക്കരണപദ്ധതിയുടെ ഭാഗ മായി നടപ്പിലാക്കുന്ന ഹരിത കേരളം പദ്ധതി ക്ളാസ് 1 മുതൽ 4 വരെയുള്ള സ്കൂൾ കുട്ടികളെക്കൂടി ഉൾക്കൊള്ളിച്ച് വിപുലീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ സ്കൂളുകൾ, കോളേജുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, പത്ര മാധ്യമങ്ങൾ, സാമൂഹ്യ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, സർക്കാരിതരസംഘ ടനകൾ,എൻ.എസ്.എസ്,എൻ.സി.സി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് |

എന്നിവർ വഴി നട്ടു വളർത്തുന്നതിനായുള്ള തൈവിതരണം ചെയ്യുകയും പൊതുസ്ഥലങ്ങളിലും റെയിൽവേയുടെ ലഭ്യമായ സ്ഥലങ്ങളിലും തൈ നട്ടുപിടിപ്പിക്കുകയും ഇടുക്കി ജില്ലയിലെ മഴനിഴൽപ്രദേശത്ത് തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്യുന്നുണ്ട്. വനദീപ്തി എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) വനഭൂമി കയ്യേറ്റം തടയുന്നതിനായി വനംവകുപ്പിന്റെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നിർദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ?

(ബി) വനസംരക്ഷണം ഊർജ്ജിതപ്പെടുത്തുന്നതിനും വനഭൂമി കയ്യേറ്റം തടയുന്നതിനുമായി വനംസംരക്ഷണ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. ആയതിലേക്ക് വനംവകുപ്പിൽ പുതിയതായി 700 ട്രൈബൽ വാച്ചർമാരുടെ തസ്തിക സൃഷ്ടിക്കുവാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻഓഫീസർ.

AV